**പ്രിൻസിപ്പലിന്റെ കാര്യാലയം**
**ഗവണ്മെന്റ് എഞ്ചിനീയറിംങ്ങ് കോളേജ് തൃശ്ശൂർ**

നമ്പർ :

തിയതി : 23.10.2020

# സർക്കുലർ

വിഷയം : സർക്കാർ എഞ്ചിനീയറിങ്ങ് കോളേജ് തൃശ്ശൂർ – KEAM പ്രവേശനവുമായി ബന്ധപ്പെട്ട വിജ്ഞാപനം

ഈ സ്ഥാപനത്തിലേക്ക് പ്രവേശനം ലഭിച്ചിട്ടുള്ള എല്ലാ വിദ്യാർഥികകൾക്കും KEAM2020 രണ്ടാം ഘട്ട പ്രവേശനം Online മുഖേനയോ നേരിട്ടോ പൂർത്തീകരിക്കാവുന്നതാണ്. ആയതിനായി താഴെ പറയുന്ന എല്ലാ നിർദ്ദേശങ്ങളും കർശ്ശനമായി പാലിക്കേണ്ടതാണ്.

**Online മുഖേനയോ നേരിട്ടോ പ്രവേശനം നേടുന്ന വിദ്യാർഥികൾ ചെയ്യേണ്ട നടപടിക്രമം**

ഒരോ കോഴ്സിലേക്കും പ്രവേശനം നിർദ്ദേശിച്ചിട്ടുള്ള ദിവസത്തിന് മുൻപു തന്നെ നിങ്ങളുടെ മൊബൈലിലേക്ക് ഒരു ലിങ്ക് ലഭിക്കുന്നതാണ്. ഈ ലിങ്ക് ഉപയോഗിച്ച് രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്. താഴേ ചേർത്തിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളും ഈ ലിങ്കിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. റജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ നിങ്ങളുടെ മൊബൈലിലേക്ക് ഒരു SMS ലഭിക്കുന്നതാണ്.

1. KEAM Admit Card
2 Allotment Memo
3 Data Sheet
4 Bank Receipt (Paid to CEE)
5 SSLC Certificate
6 Plus Two Certificate
7 Transfer Certificate
8 Course & Conduct Certificate
9 Medical Fitness Certificate
10 Cast Certificate
11 Income Certificate
12 Nativity Certificate
13 Migration certificate
14 Non Creamy Layer Certificate
15 Filled up and Signed Undertaking (available in the www.gectcr.ac.in. This is for online admission only)

(കോളേജിൽ നേരിട്ട് എത്തി പ്രവേശനം നേടുന്നവർ മേൽ പറഞ്ഞ എല്ലാ രേഖകളുടേയും ഒറിജിനലും കോവിഡ് വ്യാപനപശ്ചാത്തലത്തിൽ എല്ലാ രേഖകളുടേയും കേരള ഗവണ്മെന്റ് ഗസറ്റഡ് ഓഫീസർ പേരും സീലുമുപയോഗിച്ച് അറ്റസ്റ്റ് ചെയ്ത രണ്ട് സെറ്റ് കോപ്പികളും കൊണ്ടുവരേണ്ടതാണ്.)

നിങ്ങളുടെ ബ്രാഞ്ചിലേക്ക് പ്രവേശനത്തിനു നിർദ്ദേശിച്ചിട്ടുള്ള ദിവസം നിങ്ങളുടെ മൊബൈൽ ഫോണിലേക്ക് User Name, Password എന്നിവ ലഭിക്കുന്നതാണ്. ഇതുപയോഗിച്ച് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ISTE Membership, PTA Subscription, Co. Operative Society Membership, BUS Corpus Fund എന്നിവ അടക്കുവാനുള്ളലിങ്കും ഈ പോർട്ടലിൽ നിന്ന് ലഭിക്കുന്നതാണ്. User Name, Password ലഭിച്ചില്ല എങ്കിൽ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

കോവിഡ് പോസിറ്റീവ് ആയവർ, ക്വാറന്റീനിൽ ഉള്ളവർ, പ്രൈമറി കോണ്ടാക്റ്റ് ആയവർ, കണ്ടൈന്മെന്റ് സോണിൽ താമസിക്കുന്നവർ എല്ലാവരും നിർബന്ധമായും Online ആയി അഡ്മിഷൻ നടത്തേണ്ടതാണ്.

Online ആയി പ്രവേശനം നടപടികൾ പൂർത്തിയാക്കിയവർ തങ്ങളുടെ ഒറിജിനൽ TC ടെക്നിക്കൽ എഡ്യുക്കേഷൻ ഡയറക്റ്റർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ എത്തിക്കേണ്ടതാണ്.

**പ്രിൻസിപ്പാൾ**